2023
MAY
02
TUESDAY
Special Issue-e Paper
E-mail: societytodaynews@gmail.com

# സൊസൈറ്റി ടുഡേ

OJUSET capsules
ഓജസെറ്റ് ക്യാപ്സൂൾ
SINCE 1995

# മലപ്പുറത്ത് വന്ദേഭാരത് ട്രെയിനിനുനേരെ കല്ലേറ്

**മലപ്പുറം :** കേരളത്തിൽ പുതുതായി ഓടിത്തുടങ്ങിയ വന്ദേഭാരത് ട്രെയിനിനു നേരെ കല്ലേറ്. കാസർകോടുനിന്ന് തിരുവനന്തപുരത്തേക്കു പോയ ട്രെയിനിനുനേരെ തിരൂർ സ്റ്റേഷനും തിരുനാവായ സ്റ്റേഷനും ഇടയിൽ വച്ചാണ് കല്ലേറുണ്ടായത്. ചില്ലിനു കാര്യമായി കേടുപാടുണ്ടായി എന്നാണ് റിപ്പോർട്ട്. യാത്രക്കാർക്കും പരുക്കില്ല.

ട്രെയിന് വലിയ കേടുപാടുകളില്ലാത്തതിനാൽ യാത്ര തുടർന്നു. കോഴിക്കോട്ടുനിന്നും തിരൂരിൽനിന്നും ആർപിഎഫ് ഉദ്യോഗസ്ഥരെത്തി സംഭവ സ്ഥലത്ത് പരിശോധന നടത്തുന്നുണ്ട്. പൊലീസും സ്പെഷൽ ബ്രാഞ്ചും പരിശോധന നടത്തി. കല്ലെറിഞ്ഞവരെ കണ്ടെത്താൻ സാധിച്ചിട്ടില്ല. വ്യാപക പരിശോധന നടത്തി കല്ലെറിഞ്ഞവരെ കണ്ടെത്തുമെന്ന് അന്വേഷണസംഘം അറിയിച്ചു.



വന്ദേഭാരതിനു മലപ്പുറം ജില്ലയിൽ (തിരൂർ സ്റ്റേഷൻ) സ്റ്റോപ്പ് അനുവദിക്കാത്തതിൽ വ്യാപക പ്രതിഷേധമുണ്ടായിരുന്നു. ഉദ്ഘാടന ഓട്ടത്തിൽ ട്രെയിൻ തിരൂരിൽ നിർത്തിയപ്പോൾ വലിയ സ്വീകരണമാണ് നൽകിയത്. വന്ദേഭാരത് ഓടുമെന്ന അറിയിപ്പ് വന്ന സമയത്തു തിരൂരിൽ സ്റ്റോപ്പുണ്ടാകുമെന്നാണ് പറഞ്ഞിരുന്നത്. ആദ്യ ട്രയൽ റണ്ണിൽ നിർത്തുകയും ചെയ്തു. ഇതിനു ശേഷം സ്റ്റോപ് ഒഴിവാക്കിയതു സമരങ്ങൾക്കും പ്രതിഷേധത്തിനും കാരണമായി.



## സുഡാനിൽനിന്ന് 30 മലയാളികൾ ഉൾപ്പെടെ 184 പേർ കൂടി കൊച്ചിയിലെത്തി

**കൊച്ചി :** ആഭ്യന്തര യുദ്ധം നടക്കുന്ന സുഡാനിൽനിന്നു 30 മലയാളികൾ ഉൾപ്പെടെ 184 പേർ കൂടി കൊച്ചിയിലെത്തി. രാവിലെ 6ന് ജിദ്ദയിൽ നിന്നുള്ള സ്പൈസ് ജെറ്റ് വിമാനത്തിലാണ് സംഘമെത്തിയത്. കർണാടക, തമിഴ്നാട്, ഗുജറാത്ത് അടക്കം 6 സംസ്ഥാനങ്ങളിൽ നിന്നുള്ളവരാണ് കൊച്ചിയിൽ വിമാനമിറങ്ങിയത് .

മറ്റു നടപടികൾ പൂർത്തിയാക്കി 8.30 ഓടെ സംഘം അതത് സംസ്ഥാനങ്ങൾ ഏർപ്പെടുത്തിയിരുന്ന ബസുകളിൽ മടങ്ങി. കണ്ണൂർ, തിരുവനന്തപുരം ജില്ലക്കാർക്കായി ലോ ഫ്ലോർ ബസുകളും തയാറാക്കിയിരുന്നു. ഹെൽപ്പ് ഡെസ്കുകളും സജ്ജമാക്കിയിരുന്നു.

കേന്ദ്ര വിദേശകാര്യ സഹമന്ത്രി വി.മുരളീധരൻ നേതൃത്വം നൽകുന്ന, സുഡാനിൽനിന്ന് ഇന്ത്യക്കാരെ നാട്ടിലെത്തിക്കാനുള്ള ഓപ്പറേഷൻ കാവേരി വിജയകരമായി പുരോഗമിക്കുകയാണെന്നു കേന്ദ്ര സർക്കാർ അറിയിച്ചു.

## ജനസംഖ്യയിൽ ലോകത്തെ മഹാനഗരങ്ങളിൽ ഡൽഹി രണ്ടാമത്; ഒൻപതാം സ്ഥാനം മുംബൈയ്ക്ക്

**മുംബൈ:** ലോകജനസംഖ്യയിൽ പകുതിയിലേറെയും (56.2%) വസിക്കുന്നത് നഗരങ്ങളിൽ. 2030 ൽ ഇത് 70 ശതമാനമാകുമെന്നാണ് വിലയിരുത്തൽ. മഹാനഗരങ്ങളിലേക്ക് ചേക്കേറുക എന്നത് ആധുനിക കാലത്ത് മനുഷ്യരിൽ ഭൂരിഭാഗവും പിന്തുടരുന്ന ശീലവും. ഒരു കോടിയിൽ അധികം പേർ തിങ്ങിപ്പാർക്കുന്ന നഗരങ്ങളെയാണ് മഹാനഗരങ്ങളെന്നു വിശേഷിപ്പിക്കുന്നത്. ജനസംഖ്യാടിസ്ഥാനത്തിലെ ലോകത്തെ മഹാനഗരങ്ങളിലെ ആദ്യ പത്തിൽ ഇന്ത്യൻ തലസ്ഥാനമായ ഡൽഹി രണ്ടാമതുണ്ട്. ഇന്ത്യയുടെ സാമ്പത്തിക തലസ്ഥാനമെന്നു വിശേഷിപ്പിക്കപ്പെടുന്ന മുംബൈ ഒൻപതാമതും. നിലവിൽ മഹാനഗരങ്ങളെന്നു വിശേഷിപ്പിക്കപ്പെടുന്ന 31 നഗരങ്ങളാണ് ഉള്ളത്. 2030ൽ ഇവയുടെ എണ്ണം 41 ആയി വർധിക്കുമെന്നാണ് പ്രവചനം.

ജനസംഖ്യാടിസ്ഥാനത്തിൽ നോക്കുമ്പോൾ ജപ്പാനിലെ ടോക്കിയോ ആണ് ലോകത്തെ ഏറ്റവും വലിയ നഗരം. 3.71 കോടി ജനങ്ങളാണ് ഈ നഗരത്തിൽ താമസിക്കുന്നത്. രണ്ടാം സ്ഥാനത്തുള്ള ഡൽഹിയിൽ 3.29 കോടി ജനം വസിക്കുന്നു. മൂന്നാം സ്ഥാനം ചൈനയിലെ ഷാങ്ഹായ്ക്കും നാലാം സ്ഥാനം ബംഗ്ലദേശ് തലസ്ഥാനമായ ധാക്കയ്ക്കുമാണ്. ബ്രസീലിലെ സാവോ പോളോ ഈ പട്ടികയിൽ അഞ്ചാമതുണ്ട്. 2.12 കോടി ജനവുമായി മുംബൈ ഒൻപതാം സ്ഥാനത്താണ്.

## കർണാടകയിൽ ഏകീകൃത സിവിൽ കോഡ് നടപ്പാക്കുമെന്ന് ബിജെപി

**ബെംഗളൂരു:** കർണാടകയിൽ ഏകീകൃത സിവിൽ കോഡ് നടപ്പാക്കുമെന്ന് തിരഞ്ഞെടുപ്പു പ്രകടന പത്രികയിൽ ബിജെപി വാഗ്ദാനം. ഉത്പാദന മേഖലയിൽ 10 ലക്ഷം തൊഴിലും ബിജെപി വാഗ്ദാനം ചെയ്യുന്നുണ്ട്. കരുത്തുള്ള സംസ്ഥാന സർക്കാരുകളാണ് ശക്തമായൊരു കേന്ദ്ര സർക്കാരിന്റെ രൂപീകരണത്തിലേക്കു നയിക്കുകയെന്നു വിശ്വസിക്കുന്ന പ്രസ്ഥാനമാണ് ബിജെപിയെന്ന് ദേശീയ അധ്യക്ഷൻ ജെ.പി. നഡ്ഡ പറഞ്ഞു. സബ് കാ സാത്, സബ് കാ വികാസ് എന്ന പ്രധാനമന്ത്രിയുടെ വാഗ്ദാനം പാലിക്കാൻ തങ്ങൾ പ്രതിജ്ഞാബദ്ധമാണെന്നും ന!ഡ്ഡ കൂട്ടിച്ചേർത്തു.ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ള കുടുംബങ്ങൾക്ക് വർഷത്തിൽ മൂന്ന് പാചകവാതക സിലിണ്ടറും ദിവസവും അര ലീറ്റർ നന്ദിനി പാലും സൗജന്യമായി നൽകുമെന്നും പ്രകടനപത്രിക വാഗ്ദാനം ചെയ്യുന്നു. യുഗാദി, ഗണേശ ചതുർഥി, ദീപാവലി എന്നിവയോട് അനുബന്ധിച്ചാവും സൗജന്യ സിലിണ്ടർ. ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ളവർക്ക് റേഷൻ കാർഡ്, എസ്സിഎസ്ടി വിഭാഗത്തിൽപ്പെട്ട സ്ത്രീകൾക്ക് ഫിക്സ്ഡ് ഡിപ്പോസിറ്റ്, കർണാടകയെ വൈദ്യുത വാഹന നിർമാണത്തിന്റെ കേന്ദ്രമായി മാറ്റാനുള്ള പദ്ധതി എന്നിവയും പത്രികയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.



## നഴ്സ് കം ഫാർമസിസ്റ്റ് (ഹോമിയോ) സപ്ലിമെന്ററി പരീക്ഷ

**കോഴിക്കോട്:** 2023 മെയ് 20 മുതൽ ആരംഭിക്കുന്ന നഴ്സ് കം ഫാർമസിസ്റ്റ് (ഹോമിയോ) സപ്ലിമെന്ററി പരീക്ഷയ്ക്ക് അപേക്ഷ ക്ഷണിച്ചു.

നിശ്ചിത അപേക്ഷാ ഫോം തിരുവനന്തപുരം/കോഴിക്കോട് ഗവ. ഹോമിയോപ്പതിക് മെഡിക്കൽ കോളജുകളിൽ നിന്നും ഡോ. എ.കെ.ബി മിഷൻ സ്കൂൾ ഓഫ് ഫാർമസിയിൽ നിന്നും ലഭിക്കും. പൂരിപ്പിച്ച അപേക്ഷകൾ പിഴയില്ലാതെ മേയ് 10നു വൈകീട്ട് 5 വരെയും പിഴയോടെ 15നു വൈകീട്ട് അഞ്ചുവരെയും സ്വീകരിക്കും.

അപേക്ഷയൊടൊപ്പം പരീക്ഷാ ഫീസായി പേപ്പർ ഒന്നിനു 200 രൂപ എന്ന നിരക്കിൽ തിരുവനന്തപുരം ഗവ. ഹോമിയോപ്പതിക് മെഡിക്കൽ കോളജ് പ്രിൻസിപ്പൽ ആൻഡ് കൺട്രോളിങ് ഓഫീസറുടെ പേരിൽ എസ്.ബി.ഐ ഫോർട്ട്, തിരുവനന്തപുരം ബ്രാഞ്ചിൽ നിന്നും മാറാവുന്ന ഡിഡി ആയി ഉള്ളടക്കം ചെയ്യണം.

പൂരിപ്പിച്ച അപേക്ഷകളും ഡിഡികളും മുകളിൽ പറഞ്ഞ തീയതിക്കകം പ്രിൻസിപ്പാൾ ആൻഡ് കൺട്രോളിങ് ഓഫീസർ, ഗവ. ഹോമിയോപ്പതിക് മെഡിക്കൽ കോളജ് തിരുവനന്തപുരം എന്ന വിലാസത്തിൽ അയയ്ക്കണം.

പരീക്ഷാകേന്ദ്രം ഗവ. ഹോമിയോപ്പതിക് മെഡിക്കൽ കോളജ്, കോഴിക്കോട്. തിയറി പരീക്ഷ മേയ് 20നു രാവിലെ 10 മുതൽ 12 വരെ നടക്കും.



# കരാർ 8 മാസത്തെ; വർഷം ഒന്നായിട്ടും റോഡ്പണി ഇഴയുന്നു

**ചാത്തങ്കരി:** പെരിങ്ങര പഞ്ചായത്തിലെ 14ാം വാർഡിലെ പ്രധാന പാതയായ ജനസേവ റോഡിലെ പണികൾ ഇഴയുന്നു.8 മാസം കൊണ്ടു തീർക്കാൻ കരാർ ഉറപ്പിച്ച പണികൾ ഒരു വർഷമായിട്ടും പാതിപോലുമായില്ല. 2022 മാർച്ചിലാണു കരാർ വച്ചത്. കാലാവധി അനുസരിച്ച് ഒക്ടോബറിൽ തീരേണ്ട പണികളാണു വൈകുന്നത്. പല കാരണങ്ങളാൽ കാലാവധി നീട്ടിയെങ്കിലും നവംബറിലാണു പണികൾ വേഗത്തിലായത്. ജനുവരിയോടെ വീണ്ടും ഇഴഞ്ഞു.

കല്ലു കിട്ടാനില്ലെന്ന ന്യായമാണു കരാറുകാരൻ പറയുന്നത് . എന്നാൽ അനുബന്ധ പാതയിൽ കല്ല് എത്തിക്കുകയും പണികൾ നടക്കുകയും ചെയ്യുന്നുണ്ട്. കോടങ്കരി പാടശേഖരത്തിനു നടുവിലൂടെ പോകുന്ന റോഡാണിത്. റീ ബിൽഡ് കേരള പദ്ധതിയിൽ ഉൾപ്പെടുത്തി 2.84 കോടി രൂപയ്ക്കാണു റോഡ് നവീകരിക്കുന്നത്. രണ്ട് വശത്തുമായി 1600 മീറ്റർ ദൂരമാണു സംരക്ഷണ ഭിത്തി കെട്ടേണ്ടത്. വശങ്ങൾ കെട്ടി സംരക്ഷിച്ചും ആവശ്യമുള്ളയിടത്ത് ഉയർത്തിയും പണിയേണ്ട റോഡിൽ സംരക്ഷണ ഭിത്തിപലയിടത്തായി പാതിവഴിയിൽ നിർത്തി.

ഇപ്പോഴത്തെ സ്ഥിതിയിൽ അടുത്ത വെള്ളപ്പൊക്കത്തിന് മുൻപ് റോഡ് പണി തീരാൻ ഇടയില്ല.വൈദ്യുതി പോസ്റ്റ്, പൈപ്പ് ലൈൻ എന്നിവ മാറ്റി സ്ഥാപിക്കുന്ന ജോലി തുടങ്ങിയിട്ടില്ല. 5 കലുങ്കാണ് പൊളിച്ചു പണിയേണ്ടത്. രണ്ടിടത്ത് കലുങ്ക് പണി നടത്തി. പുനരുദ്ധാരണത്തിൽ 3 മീറ്റർ വീതിയിൽ കോൺക്രീറ്റ് ചെയ്യും. 1535 മീറ്ററാണ് റോഡിന്റെ നീളം. ഇതിൽ ഒരു കിലോമീറ്റർ ടാറിട്ട വഴിയാണ്. ബാക്കി മൺപാതയും.

## വ്യവസായ സംരംഭകരുടെ അപേക്ഷകളിൽ കാലതാമസം അരുത് ജില്ലാ വികസന സമിതി

**കൊല്ലം:** സംരംഭങ്ങൾ ആരംഭിക്കാനുള്ള അപേക്ഷകളിൽ ഉദ്യോഗസ്ഥർ അതിവേഗ നടപടി സ്വീകരിച്ച് പ്രവർത്തനാനുമതി നൽകണമെന്ന് ജില്ലാ വികസന സമിതി യോഗത്തിൽ എ ഡി എം ബിനാറാണി നിർദേശിച്ചു. ഉദ്യോഗസ്ഥരുടെ മെല്ലപ്പോക്കിൽ വ്യവസായ സംരംഭങ്ങൾ തുടങ്ങുന്നതിൽ കാലതാമസം നേരിടുന്നതായി ധനമന്ത്രി കെ എൻ ബാലഗോപാലിന്റെ പ്രതിനിധി കെ ജോൺസൺ അറിയിച്ചതിനെ തുടർന്നായിരുന്നു നിർദേശം. സംരംഭകരുടെ അപേക്ഷയിൻമേൽ ആറുമാസം വരെ വച്ചുതാമസിപ്പിക്കുന്ന പ്രവണതയുണ്ട്. ഇതുമൂലം വമ്പിച്ച സാമ്പത്തിക ബാധ്യത സംരംഭകർ നേരിടേണ്ടി വരാറുണ്ടെന്നും അദ്ദേഹം പറഞ്ഞു. ഭൂമി തരം മാറ്റുന്നതുമായി ബന്ധപ്പെട്ട് കൊട്ടാരക്കര താലൂക്ക് ഓഫീസിൽ ഏറെ പരാതികൾ ഉണ്ട്. ഇതിന് അടിയന്തര പരിഹാരം ഉണ്ടാകണം. കുടിവെള്ള പദ്ധതിക്കായി കുഴിയെടുത്തിട്ടുള്ള റോഡുകൾ പൂർവ സ്ഥിതിയാക്കാത്തത് ജില്ലയിലെ നിരവധി റോഡുകൾ തകർച്ചയ്ക്ക് കാരണമാവുന്നുണ്ട്. ഇതിന് പരിഹാരം കാണണമെന്നും കെ ജോൺസൺ യോഗത്തിൽ ആവശ്യപ്പെട്ടു.

കരുനാഗപ്പള്ളി തീരദേശ മേഖലയിൽ കടുത്ത കുടിവെള്ള ക്ഷാമത്തിന് അടിയന്തര നടപടി വേണമെന്നു സി ആർ മഹേഷ് എം എൽ എ ആവശ്യപ്പെട്ടു. കരുനാഗപ്പള്ളിയിൽ വൈദ്യുതി ക്ഷാമവും വളരെ കൂടുതലാണ്. നിലവിലെ സബ്സ്റ്റേഷനുകളുടെ കപ്പാസിറ്റി ഉയർത്തുന്നതിനുള്ള നടപടികൾ മന്ദഗതിയിലാണെന്നും ഇത് എത്രയും പെട്ടെന്ന് പരിഹരിക്കണമെന്നും അദ്ദേഹം ആവശ്യപ്പെട്ടു.

# ക്ഷീരമേഖലയ്ക്ക് മുതൽക്കൂട്ടായി കിടാരി പാർക്ക്

**പുൽപള്ളി:** ക്ഷീര കർഷകർക്കു നല്ലയിനം കിടാരികളെ ലഭ്യമാക്കുകയെന്ന ലക്ഷ്യത്തോടെ പുൽപള്ളി ക്ഷീരസംഘം ആരംഭിച്ച ജില്ലയിലെ ആദ്യത്തെ കിടാരി പാർക്ക് ക്ഷീരമേഖലയ്ക്കു മുതൽക്കൂട്ടായി. ഒന്നാം വാർഷികത്തിലേക്കു കടക്കുന്ന ഈ കേന്ദ്രത്തിൽ നിന്ന് ഇതുവരെ 356 കിടാരികളെ വിൽപന നടത്താനായി. സംസ്ഥാനത്തെ മികച്ച കിടാരി പാർക്ക് പുൽപള്ളിയിലേതായി. തമിഴ്നാട്ടിലെ സേലം, കൃഷ്ണഗിരി, ഈറോഡ് എന്നിവിടങ്ങളിൽ നിന്നു മുന്തിയ ഇനത്തിൽ പെട്ട കിടാരികളെയാണു സംഘം വാങ്ങി ആവശ്യക്കാർക്ക് എത്തിച്ചുനൽകുന്നത്. ഇടനിലക്കാരില്ലാതെ മികച്ചയിനം കിടാരികളെ ലഭിക്കുന്നതു കർഷകർക്കും ഉപകാരമായി.




കോഴിക്കോട് ജില്ലാ പഞ്ചായത്തിനും വൈത്തിരി, വെള്ളമുണ്ട പഞ്ചായത്തുകൾക്കും അവരുടെ പദ്ധതികൾക്കായി കിടാരികളെ എത്തിച്ചുനൽകി. ജില്ലയിലെ മറ്റുചില പഞ്ചായത്തുകളും പദ്ധതി നടത്തിപ്പിന് കിടാരി പാർക്കിന്റെ സഹായം തേടിയിട്ടുണ്ടെന്ന് സംഘം പ്രസിഡന്റ് ബൈജു നമ്പിക്കൊല്ലി, സെക്രട്ടറി എം.ആർ.ലതിക, ഡയറക്ടർ യു.എൻ.കുശൻ എന്നിവർ അറിയിച്ചു. ആ കർഷകമായ ബാങ്ക് വായ്പ ലഭ്യമാക്കുന്നതിനാൽ കർഷകർക്ക് തിരിച്ചടവിനും സാവകാശമുണ്ട്. സംസ്ഥാനത്തിന്റെ വിവിധഭാഗങ്ങളിൽ നിന്നുള്ള ക്ഷീരകർഷകർ കിടാരികളെ തേടി ഇവിടെയെത്തുന്നു.ക്ഷീര വികസന വകുപ്പിന്റെ സബ്സിഡിയോടെ പശുക്കളെ വാങ്ങാൻ കർഷകർ ഇതരസംസ്ഥാനങ്ങളെ ആശ്രയിക്കേണ്ടതില്ല.

സംഘത്തിന് സ്വന്തമായി പുൽക്കൃഷിയും വെറ്ററിനറി മരുന്നുഷാപ്പും ഡോക്ടറുടെ സേവനവുമുണ്ട്.കിടാരി പാർക്കിന്റെ വാർഷികത്തോടനുബന്ധിച്ചു സംഘത്തിലെ കർഷകർക്ക് പലിശരഹിത തവണ വ്യവസ്ഥയിൽ കിടാരികളെ സ്വന്തമാക്കാനുള്ള എന്റെ കിടാരി പദ്ധതി നടപ്പാക്കുന്നു. 3നു 10ന് വാർഷികം ഉദ്ഘാടനം ക്ഷീരവികസന വകുപ്പ് ജോ.ഡയറക്ടർ സിൽവി മാത്യുവും എന്റെ കിടാരി പദ്ധതി ഉദ്ഘാടനം ജില്ലാ ഡപ്യൂട്ടി ഡയറക്ടർ ഉഷാദേവിയും നിർവഹിക്കും. അതോടൊപ്പം സഹകരണ ബാങ്ക് ഓ!ഡിറ്റോറിയത്തിൽ ക്ഷീര കർഷക പരിശീലന പരിപാടിയും നടത്തും. മിൽമ സീനിയർ സൂപ്പർവൈസർ ഷിജോ മാത്യു ക്ലാസ് നയിക്കും.

# 10 മാസത്തിനുള്ളിൽ മെഡിസെപ്പ് കൂടുതൽ പേർ പ്രയോജനപ്പെടുത്തി; ധനമന്ത്രി

സംസ്ഥാന സർക്കാർ ജീവനക്കാർക്കും പെൻഷൻകാർക്കും അവരുടെ ആശ്രിതർക്കുമുള്ള സമഗ്ര ആരോഗ്യ പരിരക്ഷാ പദ്ധതിയായ മെഡിസെപ്പ് നിലവിൽ വന്ന് 10 മാസത്തിനുള്ളിൽ പ്രതീക്ഷിച്ചതിലും കൂടുതൽ പേർ പദ്ധതി പ്രയോജനപ്പെടുത്തിയതായി സംസ്ഥാന ധനമന്ത്രി കെ.എൻ ബാലഗോപാൽ.

10 മാസത്തിനുള്ളിൽ രണ്ട് ലക്ഷം പേർ മെഡിസെപ്പ് പ്രയോജനപ്പെടുത്തും എന്നായിരുന്നു കണക്കുകൂട്ടൽ. എന്നാൽ 2,20,000ത്തിൽപ്പരം പേരാണ് ആകെ 591 കോടി രൂപയുടെ ചികിത്സാപരിരക്ഷാ ആനുകൂല്യം ഇതേവരെ പ്രയോജനപ്പെടുത്തിയത്. ഇതൊരു ചരിത്ര സംഭവമാണ്, മെഡിസെപ് പദ്ധതിയുടെ മൊബൈൽ ആപ്ലിക്കേഷൻ ഉദ്ഘാടനം ചെയ്തു സംസാരിക്കവേ മന്ത്രി പറഞ്ഞു.

21 വയസ് മുതൽ 104 വയസ് വരെയുള്ളവർ പങ്കാളികളായ, പ്രതിമാസം വെറും 500 രൂപ മാത്രം ഈടാക്കുന്ന, 1000 ത്തിൽപ്പരം രോഗങ്ങൾക്ക് ഇൻഷുറൻസ് പരിരക്ഷ നൽകുന്ന പദ്ധതി ലോകത്ത് ആദ്യമായാണ്. ലോകമൊട്ടുക്കും ആശുപത്രി, ചികിത്സാ ചെലവുകൾ വളരെ ഉയർന്നതാണ്. പല്ലിന് റൂട്ട് കനാൽ ചെയ്യണമെങ്കിൽ പോലും പ്രവാസി മലയാളികൾ നാട്ടിലെ ആശുപത്രികളെയാണ് ആശ്രയിക്കാറ്. ആ സ്ഥിതിയിലാണ് ഇത്രയും ചുരുങ്ങിയ പണം ഈടാക്കി 31 ലക്ഷത്തോളം പേർക്ക് പ്രയോജനം ചെയ്യുന്ന മെഡിസെപ് ആവിഷ്കരിച്ചത്, മന്ത്രി പറഞ്ഞു.

ആകെ 2,20,860 ക്ലെയിമുകളിലായി 591,42,70,739 രൂപയുടെ പരിരക്ഷയാണ് ഇതുവരെ അംഗീകരിച്ചത്. ഇതിൽ സർക്കാർ മേഖലയിലെ ക്ലെയിമുകൾ 18,153 എണ്ണവും അംഗീകരിച്ച തുക 39,52,04,198 രൂപയുമാണ്. സ്വകാര്യ മേഖലയിൽ 202,707 ക്ലെയിമുകളിലായി 551,90,66,541 രൂപ അംഗീകരിച്ചു. ഗുരുതര രോഗങ്ങൾക്കുള്ള പാക്കേജ് വിഭാഗത്തിൽ 1853 ക്ലെയിമുകളിലായി 38,18,06,928 രൂപ അംഗീകരിച്ചു. പരിപാടിയിൽ ഗതാഗതമന്ത്രി ആന്റണി രാജു അധ്യക്ഷത വഹിച്ചു.

# 40,000 രൂപവരെ വില, ഇമ്പമുള്ള കൂട്ടായി ഇഗ്വാന



പച്ച, ചുവപ്പ്, മഞ്ഞ, നീല തുടങ്ങിയ നിറങ്ങളിൽ ഇഗ്വാനകളുണ്ട്. രണ്ടോ മൂന്നോ മാസം പ്രായമുള്ള പച്ച ഇഗ്വാനയ്ക്ക് 8000 മുതൽ 10,000 രൂപ വരെയാണ് വില. മറ്റു നിറങ്ങളിലുള്ളവയ്ക്ക് 15,000 മുതൽ 40,000 രൂപവരെ വിലയുണ്ട്.

കാണാനഴകേറെ. കൂട്ടുകൂടാൻ കൊതിയും കാട്ടുന്നു. കുഞ്ഞായിരിക്കുമ്പോൾ ഓന്തിനെയും ഉടുമ്പിനെയുമൊക്കെപ്പോലിരിക്കുന്ന ഇവൻ ആറടിയോളം വളരും. പറഞ്ഞുവരുന്നത് ഇഗ്വാനയെക്കുറിച്ചാണ്. വിദേശിയാണെങ്കിലും ഇപ്പോൾ നമ്മുടെ നാട്ടിലെയും അരുമസ്നേഹികളുടെ ഇഷ്ടതാരമാണീ കുഞ്ഞൻ ദിനോസർ. വേഗം ഇണങ്ങുന്ന പ്രകൃതവും ഇവയെ ആകർഷകമാക്കുന്നു. സസ്യഭുക്കായതിനാൽ പോറ്റാനും ചെലവ് കുറവാണ്. 50 മുതൽ 70 വർഷം വരെ ആയുസ്സുമുണ്ട്. പ്രധാനമായും തെക്കേ അമേരിക്കൻ രാജ്യങ്ങളായ മെക്സിക്കോയും ബ്രസീലും അർജന്റീനയും കരീബിയൻ ദ്വീപുകളുമാണ് ഉരഗവർഗത്തിൽപ്പെട്ട ഇവയുടെ സ്വദേശം.

പച്ച, ചുവപ്പ്, മഞ്ഞ, നീല തുടങ്ങിയ നിറങ്ങളിൽ ഇഗ്വാനകളുണ്ട്. രണ്ടോ മൂന്നോ മാസം പ്രായമുള്ള പച്ച ഇഗ്വാനയ്ക്ക് 8000 മുതൽ 10,000 രൂപ വരെയാണ് വില. മറ്റു നിറങ്ങളിലുള്ളവയ്ക്ക് 15,000 മുതൽ 40,000 രൂപവരെ വിലയുണ്ട്

ഇവ മെരുങ്ങാൻ വെറും രണ്ടാഴ്ച മതി. പക്ഷേ, ഒരു ഉപാധിയുണ്ട്; ഇവയെ ദിവസവും എടുത്ത് തലോടണം. അങ്ങോട്ട് സ്നേഹം കാട്ടിയാൽ ഇങ്ങോട്ടുമുണ്ട് എന്നതാണ് ഇഗ്വാനയുടെ നയം. എടുക്കാനും മടിയിൽവെച്ച് ലാളിക്കാനുമൊക്കെ ഇഷ്ടപ്പെടുന്ന ജീവിയാണ് ഇഗ്വാന. ആദ്യമൊക്കെ ഭക്ഷണം കഴിക്കാൻ മടിക്കും. പക്ഷേ, പരിചയമാകുമ്പോൾ അതെല്ലാം മാറും. മുറിഞ്ഞുപോകാൻ സാധ്യതയുള്ളതിനാൽ വാല് ബലമായി പിടിക്കരുത്.

പൂർണ സസ്യഭുക്കായ ഇഗ്വാന മല്ലിച്ചപ്പ്, മുരിങ്ങയില, ചീര, മത്തൻ, ചെമ്പരത്തി ഇലയും പൂവും, കാരറ്റ് എന്നിവയൊക്കെയാണ് തിന്നുക. ചെമ്പരത്തിപ്പൂവാണ് ഏറ്റവും ഇഷ്ടപ്പെട്ട ഭക്ഷണം. ഇഗ്വാനയ്ക്ക് കൊടുക്കുന്ന പോഷകമൂല്യമുള്ള തീറ്റകൾ ഓൺലൈനിലും ലഭിക്കും.

എങ്കിലും അവയില്ലാതെയും നന്നായി വളരും. ശീതരക്തജീവിയായ ഇഗ്വാനയുടെത് ചൂട് ഇഷ്ടപ്പെടുന്ന പ്രകൃതമാണ്. ചൂട് കിട്ടുന്ന സ്ഥലത്ത് കൂടുവെക്കാൻ ശ്രദ്ധിക്കണം. വെയിലേൽക്കാനും അവസരമൊരുക്കണം. ഇഗ്വാനയെ വളർത്താൻ നമ്മുടെ നാട്ടിലും പ്രിയം കൂടിവരികയാണെന്ന് പയ്യാമ്പലത്തെ പോസ് എൻ പെറ്റൽസ് ജീവനക്കാരൻ അജിത്ത് കുമാർ പറഞ്ഞു.

രണ്ടരവയസ്സാണ് മുട്ടയിടാനുള്ള പ്രായം. 25 മുതൽ 65 വരെ മുട്ടകളിടും. മണലിലോ അതുപോലുള്ള വസ്തുക്കളിലോ ആണ് മുട്ടയിടുക. കൂട്ടിൽ മണലിട്ടുകൊടുക്കണം.



# ഒരുക്കാം വീട്ടിൽ ഒരു ഹരിതഗൃഹം

കേരളംപോലുള്ള സ്ഥലത്ത് വീട്ടിൽ ഒരു ഹരിതഗൃഹം അത്യാവശ്യമാണ്. മിക്ക വീട്ടുകാർക്കും കൃഷി ചെയ്യാൻ സ്ഥലപരിമിതിയുണ്ട്. കൂടാതെ സമയവുമില്ല. ഹരിതഗൃഹം നിർമിക്കുകയാണെങ്കിൽ വർഷത്തിൽ 365 ദിവസവും വീട്ടിലേക്കാവശ്യമുള്ള പച്ചക്കറി ഉത്പാദിപ്പിക്കാനാകും. ഒരു വീട്ടിലേക്ക് 10 മുതൽ 40 ചതുരശ്രമീറ്റർവരെ വിസ്തീർണമുള്ള ഹരിതഗൃഹം മതിയാകും.

ഹരിതഗൃഹങ്ങളുടെ എല്ലാവശവും പൂർണമായും ഇൻസെക്റ്റ് നെറ്റുകൊണ്ട് ആവരണംചെയ്യണം. ഇത് രോഗകീടബാധ കുറയ്ക്കാൻ സഹായിക്കും. യു.വി. ഷീറ്റ് മുകളിൽ ആവരണം ചെയ്യാൻമാത്രം ഉപയോഗിച്ചാൽ മതി. ഏതു വിള വേണമെങ്കിലും ഹരിതഗൃഹത്തിൽ കൃഷിചെയ്യാം. പാവൽ, പടവലം പോലുള്ള പരപരാഗണം ആവശ്യമായ കൃഷിയിനങ്ങൾ ഹരിതഗൃഹത്തിൽ കൃഷി ചെയ്യാൻ കഴിയില്ല എന്ന പ്രശ്നം ഇവിടെയുണ്ടാകുന്നില്ല. ഒരുദിവസം അങ്ങനെയുള്ള വിളകളുടെ പരമാവധി അഞ്ചുമുതൽ 10 പെൺപൂക്കൾ മാത്രമേ വിരിയൂ. ആൺപൂവ് പൊട്ടിച്ച് പെൺപൂവിൽ തൊട്ടാൽമാത്രം മതി.

ഇങ്ങനെ ചെയ്യുന്നതിന് 5, 10 മിനിറ്റ് മാത്രമേ ഒരു ദിവസം വേണ്ടിവരൂ. ചെടികൾക്ക് വെള്ളവും വളവും ഡ്രിപ്പറുകളിലൂടെ കൊടുക്കാം. എല്ലാദിവസവും കൃത്യമായി വളവും വെള്ളവും കൊടുക്കുന്നതുകൊണ്ടും മഴ, ശക്തിയായ കാറ്റ്, ശക്തിയായ സൂര്യാതപം, രോഗകീടബാധ, പക്ഷികൾ, അൾട്രാവയലറ്റ് രശ്മികൾ എന്നിവയിൽനിന്നും ചെടികൾക്ക് സംരക്ഷണം നൽകുന്നതുകൊണ്ട് നല്ല ഗുണമേന്മയുള്ള ഉത്പന്നങ്ങൾ ഉണ്ടാകും.

കേരള കാർഷിക സർവകലാശാലയിലെ ഇൻസ്ട്രക്ഷണൽ ഫാം വെള്ളാനിക്കരയിലുള്ള ഹൈടെക്ക് അടുക്കളത്തോട്ട കൃഷികളിൽ ധാരാളം ഗവേഷണങ്ങളും പരിശീലനപരിപാടികളും നടന്നുവരുന്നുണ്ട്. ഹൈടെക്ക് അടുക്കളത്തോട്ടങ്ങൾ, ഹൈടെക്ക് റിസർച്ച് ആൻഡ് ട്രെയിനിങ് യൂണിറ്റിൽ രൂപകല്പനചെയ്തിട്ടുണ്ട്.

സാധാരണ ഹരിതഗൃഹങ്ങളെ അപേക്ഷിച്ച് ഇതിൽ രാത്രിയും രാവിലെയും ഈർപ്പം കുറവും ഉച്ചയ്ക്ക് കൂടുതലുമായതിനാൽ ചെടികൾക്ക് യോജിച്ച കാലാവസ്ഥ പ്രദാനംചെയ്യാൻ കഴിയുന്നു. അതിനാൽ ചെടികളുടെ വളർച്ചയും ഉത്പാദനക്ഷമതയും കൂടുതലായി കണ്ടുവരുന്നു. ഇതിൽ ഉപയോഗിക്കാൻ കഴിയുന്ന ചെലവുകുറഞ്ഞ മൾട്ടി ടയർ ഗ്രോബാഗുകൾ നിർമിച്ചിട്ടുണ്ട്. ഒരു മൾട്ടി ടയർ ഗ്രോബാഗിൽ 35 മുതൽ 45 ചെടികൾവരെ വളർത്താൻ കഴിയും. ചീര, തക്കാളി, വെണ്ട, മുളക്, വഴുതന, പാലക്ക്, പാവൽ, പടവലം, കുമ്പളം, സാലഡ് വെള്ളരി, പുതിനയില, മല്ലിയില, വേപ്പില, കാബേജ്, കോളിഫ്ളവർ, കാരറ്റ്, ബീറ്റ്റൂട്ട് തുടങ്ങി എല്ലാത്തരം ചെടികളും ഇതിൽ കൃഷിചെയ്യാനാകും. ചെടികൾക്ക് വെള്ളവും വളവും ഡ്രിപ്പറുകളിലൂടെ കൊടുക്കാം.

വീട്ടിലേക്കാവശ്യമുള്ളതും രോഗകീടബാധയുണ്ടാകാൻ കൂടുതൽ സാധ്യതയുള്ളതുമായ പച്ചക്കറികൾ ഹരിതഗൃഹത്തിൽ നടുന്നതാണ് നല്ലത്. ടെറസിന്റെ മുകളിലായാലും മുറ്റത്തായാലും ഹരിതഗൃഹത്തിന്റെ ഷീറ്റും നെറ്റും ആറുമാസം മുതൽ ഒരുവർഷം കൂടുമ്പോഴെങ്കിലും കഴുകി വൃത്തിയാക്കണം. അതിനാൽ ഷീറ്റ് കഴുകാനുള്ള സൗകര്യമുണ്ടാകുന്ന വിധത്തിലാകണം ഹരിതഗൃഹം സ്ഥാപിക്കേണ്ടത്.



# കുറ്റിക്കോൽ 110 കെവി സബ് സ്റ്റേഷൻ: വോൾട്ടേജ് ക്ഷാമത്തിനു പരിഹാരം കാണാമെന്ന പ്രതീക്ഷ



**കുണ്ടംകുഴി:** കെഎസ്ഇബി കുറ്റിക്കോൽ 110 കെവി സബ് സ്റ്റേഷൻ നിർമാണം പൂർത്തിയായാൽ വോൾട്ടേജ് ക്ഷാമത്തിനു പരിഹാരം കാണാമെന്ന പ്രതീക്ഷയിലാണ് മലയോര മേഖലയിലെ നാട്ടുകാർ. ബേഡഡുക്ക പഞ്ചായത്തിലെ വേലക്കുന്ന് വലിയപാറയിലാണു പുതിയ സബ്സ്റ്റേഷൻ നിർമാണ പ്രവൃത്തി നടക്കുന്നത്. കുറ്റിക്കോൽ 110 കെവി സബ്സ്റ്റേഷൻ നിർമാണ പ്രവൃത്തി ഉദ്ഘാടനം 2020 ജനുവരിയിൽ അന്നത്തെ വൈദ്യുതി മന്ത്രി എം.എം.മണി ഉദ്ഘാടനം ചെയ്തെങ്കിലും സ്ഥലം ഏറ്റെടുക്കാനുള്ള കാലതാമസം മൂലം നിർമാണം പ്രവർത്തനം വൈകിയിരുന്നു.

വലിയപാറയിൽ സബ്സ്റ്റേഷൻ നിർമാണത്തിനായി ഒന്നര ഏക്കർ റവന്യു ഭൂമിയാണ് വൈദ്യുതി വകുപ്പ് പാട്ടത്തിനെടുത്തത്. 110 കെവി അമ്പലത്തറ മൈലാട്ടി ഫീഡർ പെരിയാട്ടടുക്കത്തു ടാപ്പ് ചെയ്ത് അവിടെ നിന്നും ലൈൻ വലിക്കാനാണ് ഉദ്ദേശിക്കുന്നത്. പുതുതായി വലിക്കുന്ന ഡബിൾ സർക്യൂട്ട് ലൈനിന്റെ നീളം 11.2 കിലോമീറ്റർ വരും. 12.5 എംവിഎ ശേഷിയുള്ള രണ്ട് ട്രാൻസ്ഫോമറുകൾ സ്ഥാപിച്ച് ആറ് 11 കെവി ഫീഡറുകൾ വഴി വൈദ്യുതി വിതരണം നടത്താനാണ് ലക്ഷ്യം. കെട്ടിടങ്ങൾ 6 മാസത്തിനകം പൂർത്തിയാക്കാനാകുമെന്ന് അധികൃതർ പറയുന്നത്. 110 കെവി സബ് സ്റ്റേഷൻ നിർമാണം പൂർത്തിയായാൽ ബേഡഡുക്ക, കുറ്റിക്കോൽ, കള്ളാർ, പനത്തടി, പള്ളിക്കര, പുല്ലൂർ, പെരിയ പഞ്ചായത്തുകളിലുള്ള 20,000 ത്തിലേറെ വൈദ്യുതി ഉപഭോക്താക്കൾക്ക് ഇതിന്റെ പ്രയോജനം ലഭിക്കും. നിലവിൽ 30 കിലോമീറ്റർ അകലെ മൈലാട്ടി 220 കെവി സബ്സ്റ്റേഷൻ, മുള്ളേരിയ 110 കെവി സബ്സ്റ്റേഷനുകളിൽ നിന്നുമാണ് ഇവിടങ്ങളിലേക്കു വൈദ്യുതി എത്തുന്നത്.

മയിലാട്ടിയിൽ നിന്നു കുറ്റിക്കോൽ, ബേഡഡുക്ക പഞ്ചായത്തുകളിലേക്ക് എത്തുമ്പോൾ വോൾട്ടേജ് ക്ഷാമം രൂക്ഷമാണെന്നും പലപ്പോഴും കാർഷിക ആവശ്യത്തിനുള്ള മോട്ടർ പമ്പ് ചെയ്യാൻ സാധിക്കാത്തത് ഇവിടങ്ങളിൽ ഏറെ പ്രയാസങ്ങൾ ഉണ്ടാക്കുന്നെന്നും നാട്ടുകാർ പറയുന്നു. ശക്തമായ കാറ്റിലും മഴയിലും വൈദ്യുതി ലൈനുകൾ പൊട്ടിവീണാൽ ദിവസങ്ങൾ കഴിഞ്ഞാണു പുനഃസ്ഥാപിക്കുന്നത്. പുതിയ സബ് സ്റ്റേഷൻ വരുന്നതോടെ വോൾട്ടേജ് ക്ഷാമത്തിനു പരിഹാരമാകുന്നതിനോടൊപ്പം വൈദ്യുതി മുടക്കം കുറയ്ക്കാനാകുമെന്ന പ്രതീക്ഷയാണ് അധികൃതർക്കുള്ളത്.



# ആധുനിക വിദ്യാഭ്യാസത്തിൽ സാങ്കേതിക വിദ്യക്കുള്ളത് വലിയ പ്രാധാന്യം മന്ത്രി വി. ശിവൻകുട്ടി

**കോഴിക്കോട്:** ആധുനിക വിദ്യാഭ്യാസത്തിൽ സാങ്കേതിക വിദ്യക്കുള്ളത് വലിയ പ്രാധാന്യമാണെന്ന് പൊതു വിദ്യാഭ്യാസ തൊഴിൽ വകുപ്പ് മന്ത്രി വി.ശിവൻകുട്ടി. അവിടനല്ലൂർ എൻ എൻ കക്കാട് എസ്. ജി. എച്ച്. എസ്. എസ്സിൽ സജ്ജമാക്കിയ ടിങ്കറിംഗ് ലാബ് ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം. പഠനത്തിനൊപ്പം കുട്ടികളുടെ കലാകായിക കഴിവുകളെ പ്രോത്സാഹിപ്പിക്കുന്ന കാര്യത്തിൽ എല്ലാവരും ശ്രദ്ധ പുലർത്തണം. വിദ്യാർത്ഥികളും അധ്യാപകരും രക്ഷകർത്താക്കളും സാങ്കേതിക സാക്ഷരത നേടേണ്ടതുണ്ട്. കോവിഡ് മഹാമാരിക്കാലം ടെക്നോളജിയുമായി വിദ്യാഭ്യാസത്തെ ചേർത്തു നിർത്തുന്നതിൽ സഹായിച്ചു. ലോകത്ത് എവിടെ ഇരുന്നും വിദ്യാഭ്യാസം നേടാനുള്ള പ്രാപ്തി വിദ്യാർത്ഥികൾക്ക് കൈവന്നുവെന്നും അദ്ദേഹം പറഞ്ഞു.

വിദ്യാർത്ഥികൾക്ക് നൂതന പഠനം ലഭ്യമാക്കാൻ ലക്ഷ്യമിട്ടാണ് വിദ്യാലയത്തിൽ ടിങ്കറിംഗ് ലാബ് സജ്ജമാക്കിയത്. സമഗ്ര ശിക്ഷാ കേരളയുടെ ഫണ്ട് 10 ലക്ഷം രൂപ ഉപയോഗപ്പെടുത്തി പൂർത്തീകരിച്ച ടിങ്കറിംഗ് ലാബ് നവീനപാഠങ്ങൾക്കുള്ള വിശാലമായ സാധ്യതകളാണ് കുട്ടികളുടെ മുന്നിൽ തുറന്നിടുന്നത്. കമ്പ്യൂട്ടേഷണൽ കഴിവുകൾ, അഡാപ്റ്റീവ് ലേർണിങ്, പ്രശ്ന പരിഹാരം, ദ്രുതഗണിത വിശകലനം തുടങ്ങിയ കഴിവുകൾ കുട്ടികളിൽ വളർത്തുന്നതിനും അവ സമൂഹനന്മക്കായി പ്രയോജനപ്പെടുത്തുന്നതിനും ടിങ്കറിംഗ് ലാബുകൾ സഹായകമാവുന്നു. കോഡിങ്, ത്രീഡി പ്രിന്ററുകൾ, സെൻസർ ടെക്നോളജി കിറ്റ് തുടങ്ങിയവയും ടിങ്കറിംഗ് ലാബിന്റെ ഭാഗമാണ്.

കെ.എം സച്ചിൻ ദേവ് എം.എൽ.എ അധ്യക്ഷത വഹിച്ചു. ബാലുശ്ശേരി ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് വി.കെ അനിത, ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് സി.എച്ച് സുരേഷ് എന്നിവർ മുഖ്യാതിഥികൾ ആയിരുന്നു. പ്രിൻസിപ്പൽ ടി.കെ ഗോപി നന്ദി പറഞ്ഞു.

# ജില്ലാ കലക്ടറുടെ ഇന്റേൺഷിപ് പ്രോഗ്രാമിന് അപേക്ഷ ക്ഷണിച്ചു

**കോഴിക്കോട്:** ജില്ലാ ഭരണകൂടത്തോടൊപ്പം ജില്ലയിലെ വിവിധ വികസന, സാമൂഹ്യക്ഷേമ പദ്ധതികളിൽ പ്രവർത്തിക്കാനുള്ള അവസരമൊരുക്കുന്ന ജില്ലാ കലക്ടറുടെ ഇന്റേൺഷിപ്പ് പ്രോഗ്രാമിന്റെ പുതിയ ബാച്ചിലേക്കുള്ള അപേക്ഷകൾ ക്ഷണിച്ചു. 2023 മെയ് ഓഗസ്റ്റ് കാലയളവിലേക്കാണ് അപേക്ഷകൾ ക്ഷണിച്ചിട്ടുള്ളത്. 8 വർഷം പിന്നിട്ട പ്രോഗ്രാമിന്റെ ഇരുപത്തിനാലാമത് ബാച്ചാണിത്. ബിരുദമോ ബിരുദാനന്തര ബിരുദമോ ആണ് അടിസ്ഥാന യോഗ്യത.

പൊതുഭരണ സംവിധാനങ്ങളെ അടുത്തറിയാൻ അവസരം നൽകികൊണ്ട് സർക്കാർ പദ്ധതികളിലും വികസന പരിപാടികളിലും പദ്ധതി ആസൂത്രണ ഘട്ടം മുതൽ തന്നെ സജീവ യുവജന പങ്കാളിത്തം ഉറപ്പുവരുത്തി കൂടുതൽ കാലികവും ക്രിയാത്മകവുമായ മുന്നേറ്റം സാധ്യമാക്കുക എന്നതാണ് പരിപാടിയിലൂടെ ലക്ഷ്യമിടുന്നത്. വിവിധ സർക്കാർ പദ്ധതികളെ വിശകലനം ചെയ്യാൻ അവസരമൊരുക്കുക വഴി വിമർശനാത്മകമായി വിഷയങ്ങളെ സമീപിക്കുവാനും, പ്രശ്ന പരിഹാരത്തിനുള്ള കഴിവ് ആർജ്ജിക്കുന്നതിനും യുവജനങ്ങളെ സഹായിക്കും വിധമാണ് പരിപാടി ക്രമീകരിച്ചിട്ടുള്ളത്. ജില്ലയുടെ നിപ പ്രതിരോധത്തിലും മഹാ പ്രളയത്തിന്റെ അനിതരസാധാരണമായ അതിജീവന പ്രവർത്തനങ്ങളിലും കോവിഡ് മഹാമാരിക്കെതിരായ പ്രതിരോധപ്രവർത്തനങ്ങളിലുമെല്ലാം നിർണ്ണായക പങ്കാണ് ഉഇകജ ഇന്റേൺസ് വഹിച്ചിട്ടുള്ളത്.

ഇന്റേൺഷിപ്പിന്റെ ഭാഗമാകാൻ താത്പര്യമുള്ളവർ www.dcipkkd.in എന്ന വെബ്സൈറ്റിൽ നൽകിയ ഫോറം പൂരിപ്പിച്ചാണ് അപേക്ഷ സമർപ്പിക്കേണ്ടത്. മെയ് ഏഴിനകം അപേക്ഷ സമർപ്പിക്കണം. ഇതോടൊപ്പമുള്ള ക്യു. ആർ. കോഡ് സ്കാൻ ചെയ്ത് വെബ്സൈറ്റ് സന്ദർശിക്കാം.

നാല് മാസമാണ് ഇന്റേൺഷിപ്പിന്റെ കാലാവധി. സ്റ്റൈപ്പ്ന്റ് ഉണ്ടായിരിക്കില്ല. രണ്ട് ഘട്ടങ്ങളിലായാണ് തെരഞ്ഞെടുപ്പ്. അപേക്ഷകളിൽ നിന്ന് പ്രാഥമിക ഘട്ടത്തിൽ തെരഞ്ഞെടുക്കപ്പെടുന്നവർ തുടർന്ന് നടക്കുന്ന ഇന്റർവ്യൂവിൽ പങ്കെടുക്കണം. വിശദ വിവരങ്ങൾക്ക് +91 95267 69697, +91 9633693211 വിളിക്കുകയോ projectcellclt@gmail.com എന്ന ഇമെയിലിൽ ബന്ധപ്പെടുകയോ ചെയ്യാം.

## റിസർച്ച് അസോസിയേറ്റ് ഒഴിവ്

**തൃശ്ശൂർ:** കേരള വനഗവേഷണ സ്ഥാപനത്തിൽ ഒരു വർഷം വരെ കാലാവധിയുള്ള ഡെമോഗ്രാഫിക് സർവ്വേ ആൻഡ് റെസ്റ്റോറേഷൻ ഓഫ് ടു എൻഡേഞ്ചർഡ് വേരിയന്റ്സ് ഓഫ് ദാരുഹരിദ്ര ബെർബെറീസ് റ്റിംക്റ്റോറിയ ലെസ്ച്ച ആൻഡ് കോസ്സിനിയം ഫെനിസ്ട്രേറ്റം കോളിബർ ഇൻ വെസ്റ്റേൺ ഘാട്സ് എന്ന ഗവേഷണ പദ്ധതിയിൽ റിസർച്ച് അസോസിയേറ്റിന്റെ താത്കാലിക ഒഴിവുണ്ട്. ഇതിലേക്കായി മെയ് 11 ന് രാവിലെ 10 ന് കേരള വന ഗവേഷണ സ്ഥാപനത്തിന്റെ തൃശ്ശൂർ പീച്ചിയിലുള്ള ഓഫീസിൽ ഇന്റർവ്യൂ നടക്കും. വിശദ വിവരങ്ങൾ www.kfri.res.in വെബ്സൈറ്റിൽ.

## അപേക്ഷ ക്ഷണിച്ചു

**തിരുവനന്തപുരം:** വട്ടിയൂർക്കാവ് സെൻട്രൽ പോളിടെക്നിക് കോളേജിലെ കണ്ടിന്യൂയിംഗ് എഡ്യൂക്കേഷൻ സെല്ലിൽ ആരംഭിക്കുന്ന ഡിപ്ലോമ ഇൻ കംപ്യൂട്ടർ ആപ്ലിക്കേഷൻ, കംപ്യൂട്ടറൈസ്ഡ് ഫിനാൻഷ്യൽ അക്കൗണ്ടിംഗ്(റ്റാലി), അലുമിനിയം ഫാബ്രിക്കേഷൻ, കംപ്യൂട്ടർ ഹാർഡ്‌വെയർ മെയിന്റനൻസ് ആന്റ് നെറ്റ് വർക്കിംഗ്, മൊബൈൽ ഫോൺ ടെക്നോളജി, ഗാർമെന്റ് മേക്കിംഗ്; ഫാഷൻ ഡിസൈനിംഗ്, ടോട്ടൽസ്റ്റേഷൻ, ബ്യൂട്ടീഷൻ, ഇലക്ട്രിക്കൽ വയർമാൻ എന്നീ കോഴ്സുകളിലേക്കു അപേക്ഷ ക്ഷണിച്ചു. വിവരങ്ങൾക്ക് 8075289889, 9495830907.

## കുടുംബശ്രീ ജില്ലാ കലോത്സവം: സംഘാടകസമിതിയായി

**തൃശ്ശൂർ:** കുടുംബശ്രീ ജില്ലാ മിഷന്റെ നേതൃത്വത്തിൽ ജില്ലാതല 'അരങ്ങ് 2023 ഒരുമയുടെ പലമ' കലോത്സവത്തിന്റെ സംഘാടകസമിതി രൂപീകരണ യോഗം നടന്നു. കുടുംബശ്രീ സിഡി എസ് ആസ്ഥാന മന്ദിരത്തിൽ നടന്ന യോഗം ജില്ലാ പഞ്ചായത്ത് അംഗം കെ വി സജു ഉദ്ഘാടനം ചെയ്തു.

മന്ത്രിമാർ രക്ഷാധികാരികളായും ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് ചെയർമാനായും ജില്ലാ മിഷൻ കോഡിനേറ്റർ ജനറൽ കൺവീനറുമായുള്ള സംഘാടക സമിതി രൂപീകരിച്ചു.

മെയ് 19, 20, 21 തീയതികളിൽ കേരളവർമ്മ കോളേജിലാണ് കുടുംബശ്രീ ജില്ലാ കലോത്സവം. എഡിഎസ്, സിഡിഎസ്, താലൂക്ക് തല മത്സരങ്ങൾ നടത്തി ഒന്നാം സ്ഥാനക്കാരെ ജില്ലാ കലോത്സവത്തിനായി തെരഞ്ഞെടുക്കും. കുടുംബശ്രീ അയൽക്കൂട്ട അംഗങ്ങളും ഓക്സിലറി ഗ്രൂപ്പ് അംഗങ്ങളുമാണ് മത്സരിക്കുക. 18 വയസ്സ് മുതൽ 35 വരെയുള്ളവർക്ക് ജൂനിയർ വിഭാഗത്തിലും 35 വയസ്സിന് മുകളിലുള്ളവർക്ക് സീനിയർ വിഭാഗത്തിലുമായിരിക്കും മത്സരം.രജത ജൂബിലിയുടെ ആഘോഷ നിറവിലുള്ള കലോത്സവം, കോവിഡിന്റെ ഇടവേളയ്ക്കു ശേഷമുള്ള കലോത്സവം, സംസ്ഥാനതല കുടുംബശ്രീ കലോത്സവത്തിന് ആതിഥേയത്വം വഹിക്കുന്ന ജില്ല എന്നീ പ്രത്യേകതകൾ 'ഒരുമയുടെ പലമ'യ്ക്കുണ്ട്. 36 ഇന സ്റ്റേജ് മത്സരങ്ങളും 16 ഇന ഓഫ് സ്റ്റേജ് മത്സരങ്ങളുമാണ് ഉണ്ടാവുക. ചടങ്ങിൽ കുടുംബശ്രീ ജില്ലാ മിഷൻ കോഡിനേറ്റർ എസ് സി നിർമ്മൽ അധ്യക്ഷനായി. സിഡിഎസ് ചെയർപേഴ്സൺമാരായ ജീജ ജയൻ, ഉഷ മോഹൻ, സത്യഭാമ വിജയ്, ഡിപി ഒമാർ, സിഡിഎസ് അംഗങ്ങൾ, ജനപ്രതിനിധികൾ, ഉദ്യോഗസ്ഥർ തുടങ്ങിയവർ പങ്കെടുത്തു.

### സുനാമി ബാധിത പ്രദേശങ്ങളിലെ തീരസംരക്ഷണം:

# പ്രത്യേകപരിഗണനയെന്ന് മന്ത്രി സജി ചെറിയാൻ




**ആലപ്പുഴ:** സുനാമി ബാധിത പ്രദേശങ്ങളായ ആലപ്പാട്, തൃക്കുന്നപ്പുഴ, ആറാട്ടുപുഴ എന്നിവിടങ്ങളിലെ തീര സംരക്ഷണ പ്രവർത്തനങ്ങൾക്ക് സർക്കാർ പ്രത്യേക പരിഗണന നൽകി പരിഹാരം തേടുമെന്ന് ഫിഷറീസ് സാംസ്കാരിക വകുപ്പ് മന്ത്രി സജി ചെറിയാൻ പറഞ്ഞു. .ആലപ്പുഴ ജില്ലയിലെ തീരസദസ്സുകളുടെ ഉദ്ഘാടനം ഹരിപ്പാട് നിയോജക മണ്ഡലത്തലെ ആറാട്ടുപുഴയിൽ ഉദ്ഘാടനം നിർവഹിച്ചു സംസാരിക്കുകയായിരുന്നു മന്ത്രി. ഫിഷറീസ് വകുപ്പ് വഴി മാത്രം ഏഴു വർഷം കൊണ്ട് 11,000 കോടി രൂപ സംസ്ഥാന സർക്കാർ മത്സ്യത്തൊഴിലാളി മേഖലയിൽ ചെലവഴിച്ചതായി മന്ത്രി പറഞ്ഞു. കേരളത്തിലെ ഇതര സമൂഹത്തിനൊപ്പം മത്സ്യത്തൊഴിലാളികളെയും ഉയർത്തിക്കൊണ്ടുവരിക എന്നതാണ് സർക്കാരിൻറെ ലക്ഷ്യം. ഏഴു വർഷം കൊണ്ട് 12, 558 പേർക്ക് തീരദേശത്ത് വീടുകൾ നിർമിച്ചു നൽകാൻ കഴിഞ്ഞിട്ടുണ്ട്. സുനാമി കോളനികളുടെ നവീകരണത്തിന് പ്രത്യേക പ്രാധാന്യം നൽകുമെന്നും ഇതിനായി എസ്റ്റിമേറ്റ് തയ്യാറാക്കാനും മന്ത്രി യോഗത്തിൽ തന്നെ ഉദ്യോഗസ്ഥർക്ക് നിർദ്ദേശം നൽകി. മത്സ്യത്തൊഴിലാളികളുടെ മക്കൾക്ക് ഏത് തലം വരെയും സൗജന്യ വിദ്യാഭ്യാസം ഉറപ്പാക്കിയിട്ടുണ്ട്. തീരദേശമേഖലയിൽ കെ.ഡിസ്കുമായി യോജിച്ച് ജോബ് ഫെയർ നടത്തുമെന്നും മന്ത്രി പറഞ്ഞു. 15 വർഷം ഗ്യാരണ്ടിയുള്ള എഫ്.ആർ. പി വള്ളംലേക്കങ്ങളിലേക്ക് മാറുന്ന കാര്യം സർക്കാർ ഗൗരവമായി പരിഗണിക്കുകയാണ്.ആഴക്കടൽ മത്സ്യബന്ധനത്തിലേക്ക് കൂടി മത്സ്യത്തൊഴിലാളികൾ മാറേണ്ടതുണ്ട്. ഇതിനായി 156 ലക്ഷം രൂപ ഒരു ബോട്ടിനു ചെലവഴിച്ചു കൊണ്ട് അഞ്ച് ബോട്ടുകൾ പുറത്തിറക്കുന്നു. ഇത് മുഖ്യമന്ത്രി ഉദ്ഘാടനം ചെയ്യുകയാണ്.പരമ്പരാഗത മണ്ണെണ്ണ എഞ്ചിനിൽ നിന്നും മാറി എൽപിജി പോലെയുള്ള ഇതര എഞ്ചിനുകളിലേക്ക് മാറുന്നതിന് 10 കോടി രൂപ ഈ വർഷം വകയിരുത്തിയിട്ടുണ്ടെന്നും മന്ത്രി പറഞ്ഞു. എല്ലാം മത്സ്യത്തൊഴിലാളികളും ഇൻഷുറൻസ് സൗകര്യം ഉറപ്പാക്കണമെന്നും മന്ത്രി നിർദ്ദേശിച്ചു.മൽസ്യബന്ധനത്തിനിടെ മരണപ്പെടുന്ന മത്സ്യത്തൊഴിലാളികൾക്ക് ഉടനെതന്നെ അഞ്ച് ലക്ഷം രൂപ നൽകുന്നതിനുള്ള തീരുമാനം സർക്കാർ എടുത്തിട്ടുണ്ട്. ഫിഷറീസ് കോളേജിൽ പഠിക്കുന്ന മത്സ്യത്തൊഴിലാളി വിദ്യാർഥികൾക്ക് 20 ശതമാനം സംവരണം ഏർപ്പെടുത്തയിട്ടുണ്ട്.വലിയഴീക്കൽ ഫിഷ് ലാൻഡിങ് സെന്ററിനായി സർക്കാർ പണം അനുവദിച്ചിട്ടുണ്ട് . തോട്ടപ്പള്ളി ഹാർബറിന്റെ നിർമാണ പ്രവർത്തനങ്ങൾക്കായി 148 കോടി രൂപയുടെ വിശദമായ ഡിപിആർ സർക്കാറിന് സമർപ്പിച്ചിട്ടുണ്ടെന്നും മന്ത്രി പറഞ്ഞു .മത്സ്യത്തൊഴിലാളികളുടെ കുടുംബത്തിലെ ചികിത്സയുമായി ബന്ധപ്പെട്ട് 58 അപേക്ഷകൾ ലഭിച്ചതിൽ എല്ലാവർക്കും അയ്യായിരം രൂപ വീതം അനുവദിച്ചതായും മന്ത്രി യോഗത്തിൽ പറഞ്ഞു.ചടങ്ങിൽ രമേശ് ചെന്നിത്തല എം.എൽ.എ അധ്യക്ഷനായി. ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് കെ. ജി രാജേശ്വരി, ജില്ലാ കളക്ടർ ഹരിത. വി. കുമാർ, ആറാട്ടുപ്പുഴ ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് എൻ. സജീവൻ, മത്സ്യ ഫെഡ് ചെയർമാൻ ടി. മനോഹരൻ, മുതുകുളം ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് ടി. ആംബുജാക്ഷി ടീച്ചർ, ഹരിപ്പാട് ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് രുഗ്മിണി രാജു,ജില്ലാ പഞ്ചായത്തംഗങ്ങളായ ടി. എസ്. താഹ, ജോൺ തോമസ്, തൃക്കുന്നപ്പുഴ ഗ്രാമ പഞ്ചായത്ത് പ്രസിഡന്റ് എസ്. വിനോദ് കുമാർ, കുമാരപുരം ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് ഒ. സുസി, ചിങ്ങോലി ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് അശ്വതി തുളസി, വാർഡ് മെമ്പർ മൈമൂനത്ത് ഫഹദ്, പ്രസീദ സുധീർ, അഡീഷണൽ ഡയറക്ടർ ഫിഷറീസ് എൻ.എസ്.ശ്രീലു, ഫിഷറീസ് ഡെപ്യൂട്ടി ഡയറക്ടർ എസ്.ആർ.രമേഷ് ശശിധരൻ, ട്രേഡ് യൂണിയൻ പ്രതിനിതികൾ, മറ്റ് രാഷ്ട്രീയ പാർട്ടി പ്രതിനിധികൾ എന്നിവർ പ്രസംഗിച്ചു.

# ഇ ഗവേണൻസ് സഹകരണ മേഖല പ്രവർത്തനങ്ങളെ കൂടുതൽ കാര്യക്ഷമമാക്കും: ചീഫ് സെക്രട്ടറി



കൊച്ചി:സഹകരണ മേഖലയിൽ ഇ ഗവേണൻസ് നടപ്പാക്കുന്നത് വഴി കൂടുതൽ കാര്യക്ഷമവും ഉപകാരപ്രദവുമായ രീതിയിലുള്ള പ്രവർത്തനങ്ങൾ കാഴ്ചവയ്ക്കാനാകുമെന്ന് ചീഫ് സെക്രട്ടറി ഡോ. വി.പി ജോയ് പറഞ്ഞു. മറൈൻ ഡ്രൈവിൽ നടക്കുന്ന സഹകരണ എക്സ്പോയുടെ ഭാഗമായി ഇ ഗവേണൻസ് സഹകരണ മേഖലയിൽ എന്ന വിഷയത്തിൽ സംഘടിപ്പിച്ച സെമിനാർ ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം.സർക്കാർ വകുപ്പുകളെല്ലാം ഡിജിറ്റൽ ആക്കുന്നതു വഴി ജനങ്ങൾക്ക് സർക്കാർ സേവനങ്ങൾ എളുപ്പത്തിൽ പ്രാപ്തമാകും. സഹകരണ മേഖലയും കേരള ബാങ്ക് ഉൾപ്പെടെയുള്ള ബാങ്കിങ് മേഖലയും ഈ രീതി പിന്തുടരുന്നത് സഹകാരികളിൽ വിശ്വാസ്യത വർധിപ്പിക്കാൻ സഹായിക്കുമെന്നും വിവര വിനിമയ സാങ്കേതിക വിദ്യയുടെ ഉപയോഗത്തിലൂടെ എല്ലാ മേഖലയിലെ പ്രവർത്തനങ്ങളും വേഗത്തിലാക്കാനാകുമെന്നും അദ്ദേഹം പറഞ്ഞു.ജാർഖണ്ഡ് കൃഷി, മൃഗ സംരക്ഷണം സഹകരണ വകുപ്പ് ഗവ.സെക്രട്ടറി പി. അബൂബക്കർ സിദ്ധിഖി അധ്യക്ഷത വഹിച്ചു. ജാർഖണ്ഡ് ഉൾപ്പെടെയുള്ള ഇന്ത്യൻ സംസ്ഥാനങ്ങൾക്ക് സഹകരണ മേഖലയിൽ കേരളം മാതൃകയാണെന്നും ഈ രംഗത്ത് ഇ ഗവേണൻസ് നടപ്പാക്കുന്നതോടെ ലോക രാജ്യങ്ങൾക്കിടയിൽ കേരളം ശ്രദ്ധിക്കപ്പെടുമെന്നും അബൂബക്കർ സിദ്ധിഖി പറഞ്ഞു. കേരള നബാർഡ് സി.ജി.എം ഡോ.ജി.ഗോപകുമാരൻ നായർ,കേരള ബാങ്ക് സി.ഇ.ഒ പി.എസ് രാജൻ, ഫോർട്ട്കൊച്ചി സഹകരണ ബാങ്ക് പ്രസിഡന്റും മുൻ മേയറുമായ കെ.ജെ.സോഹൻ, യു.എൽ. സി.സി.എസ്. ഐ.ടിസെൽ സി.ഇ.ഒ. മുരളി ഗോപാൽ, മണ്ണാർക്കാട് റൂറൽ എസ്.സി.ബി സെക്രട്ടറി എം.പുരുഷോത്തമൻ, സഹകരണ വകുപ്പ് സെക്രട്ടറി മിനി ആന്റണി, സഹകരണ സംഘം രജിസ്ട്രാർ ടി.വി സുഭാഷ് എന്നിവർ പങ്കെടുത്തു.സഹകരണ മേഖല നേരിടുന്ന നിരവധി ന്യൂനതകൾ പരിഹരിക്കാൻ ഈ രംഗത്ത് ഇ ഗവേണൻസ് നടപ്പാക്കുന്നത്തോടെ സാധിക്കുംമെന്നും സാധാരണ ജനങ്ങൾക്കുകൂടി പ്രാപ്യമാകുംവിധം വിവര സാങ്കേതിക വിദ്യ സോഫ്റ്റ്വെയറുകൾ ഈ രംഗത്ത് ഉപയോഗിക്കാനായാൽ സമൂഹ്യവും സാമ്പത്തികവുമായ ലാഭവും വകുപ്പിന് ലഭ്യമാകുമെന്നും ചർച്ചയിൽ അഭിപ്രായമുയർന്നു.

# എജന്റിലെ മേജർ മഹാദേവനെ ഏറ്റെടുത്ത് പാൻ ഇന്ത്യൻ സിനിമാ പ്രേക്ഷകർ

**കൊച്ചി:** ഒരു ഇടവേളയ്ക്കു ശേഷം മമ്മൂട്ടി തെലുഗിൽ അഭിനയിച്ച ചിത്രമായിരുന്നു ഏജന്റ്. ചിത്രത്തിലെ മുഴുനീള കഥാപാത്രവും ചിത്രത്തിന്റെ നട്ടെല്ലും മെഗാ സ്റ്റാർ മമ്മൂട്ടി അവതരിപ്പിച്ച മേജർ മഹാദേവ് എന്ന റോ ചീഫ് ഓഫീസിറിന്റെതായിരുന്നു. സിനിമ കണ്ട പ്രേക്ഷകർ ഭാഷാ വ്യത്യാസമില്ലാതെ അഭിനന്ദിക്കുന്നത് മമ്മൂട്ടി അവതരിപ്പിച്ച കഥാപാത്രത്തെയാണ്. മാസ്സ് മസാല ആക്ഷൻ എന്റെർറ്റൈനെർ ചിത്രത്തിന് മികച്ച പ്രതികാരങ്ങളാണ് തിയേറ്ററിൽ നിന്ന് ലഭിക്കുന്നത്. ഏജന്റിൽ ഡെവിൾ എന്ന മേജർ മഹാദേവിനെ മമ്മൂട്ടി അവതരിപ്പിച്ചപ്പോൾ നാഗാർജുന അമല ദമ്പതികളുടെ മകൻ അഖിൽ അക്കിനേനി, ഡിനോ മോറിയ, സാക്ഷി വൈദ്യ എന്നിവർ മറ്റു പ്രധാന കഥാപാത്രങ്ങളായി ചിത്രത്തിലെത്തുന്നു. മമ്മൂട്ടി തന്നെയാണ് ചിത്രം തെലുഗിൽ പൂർണ്ണമായും ഡബ്ബ് ചെയ്തത്.സുരേന്ദർ റെഡ്ഡിയാണ് ചിത്രത്തിന്റെ രചനയും സംവിധാനവും കൈകാര്യം ചെയ്തിരിക്കുന്നത്. അഖിൽ,ആഷിക് എന്നിവർ നേതൃത്വം നൽകുന്ന യൂലിൻ പ്രൊഡക്ഷൻസ് ആണ് ചിത്രം കേരളത്തിലെ വിതരണക്കാർ.ഹിപ്പോപ്പ് തമിഴൻ സംഗീത സംവിധാനം നിർവഹിച്ചിരിക്കുന്ന ഈ ചിത്രത്തിന് ക്യാമറ ചലിപ്പിച്ചത് റസൂൽ എല്ലൂരണ് ആണ്. എഡിറ്റർ ദേശീയ അവാർഡ് കരസ്ഥമാക്കിയ നവീൻ നൂലിയാണ്. കലാസംവിധാനം നിർവഹിച്ചിരിക്കുന്നത് അവിനാഷ് കൊല്ലയാണ്. പി ആർ ഓ: പ്രതീഷ് ശേഖർ.



# ആസിയാൻ ഇന്ത്യ മാരിടൈം എക്സർസൈസ് : ഇന്ത്യൻ നാവികസേനയുടെ കപ്പലുകൾ സിംഗപ്പൂരിലെത്തി



**കൊച്ചി:** മെയ് 02 മുതൽ 08 വരെ ഷെഡ്യൂൾ ചെയ്തിരിക്കുന്ന ആസിയാൻ ഇന്ത്യ മാരിടൈം എക്സർസൈസിൽ പങ്കെടുക്കാൻ നാവിക സേനയുടെ ഈസ്റ്റേൺ ഫ് ളീറ്റ് കമാൻഡിംഗ് ഫ്ലാഗ് ഓഫീസർ റിയർ അഡ്മിറൽ ഗുർചരൺ സിങ്ങിന്റെ നേതൃത്വത്തിൽ ഇന്ത്യൻ നാവിക സേനയുടെ യുദ്ധകപ്പലുകളായ സത്പുരയും ഡൽഹിയും സിംഗപ്പൂരിലെത്തി.അഭ്യാസത്തിന്റെ ഹാർബർ ഘട്ടം ഇന്നു മുതൽ നാലു വരെ ചാംഗി നേവൽ ബേസിലും കടൽ ഘട്ടം മെയ് 07 മുതൽ 08 വരെ ദക്ഷിണ ചൈനാ കടലിലും നടക്കും. ഇന്ത്യൻ നാവികസേനയ്ക്കും ആസിയാൻ നാവികസേനയ്ക്കും ഒരുമിച്ച് പ്രവർത്തിക്കാനും സമുദ്രമേഖലയിൽ തടസ്സമില്ലാത്ത പ്രവർത്തനങ്ങൾ നടത്താനുമുള്ള അവസരം ആസിയാൻ ഇന്ത്യ മാരിടൈം എക്സർസൈസ് നൽകും.

## സഹകരണ എക്സ്പോയ്ക്ക് സമാപനം

# ജീവിതത്തിന്റെ എല്ലാ മേഖലകളിലും സഹകരണ പ്രസ്ഥാനം വിജയം: മന്ത്രി വി.എൻ വാസവൻ



**കൊച്ചി:** ജീവിതത്തിന്റെ എല്ലാ മേഖലകളിലും സഹകരണ പ്രസ്ഥാനം വിജയകരമാണെന്ന് സഹകരണ രജിസ്ട്രേഷൻ വകുപ്പ് മന്ത്രി വി എൻ വാസവൻ പറഞ്ഞു. സഹകരണ പ്രസ്ഥാനത്തെ സ്വീകരിക്കാൻ തുറന്ന മനസ്സുമായി ജനങ്ങൾ മുന്നോട്ടുവരുന്ന സാഹചര്യം സൃഷ്ടിക്കാൻ സഹകരണ എക്സ്പോയ്ക്ക് സാധിച്ചിട്ടുണ്ടെന്നും മന്ത്രി പറഞ്ഞു. മറൈൻ ഡ്രൈവിൽ 9 ദിവസമായി നടന്ന ഒരുമയുടെ പൂരം സഹകരണ എക്സ്പോയുടെ സമാപന സമ്മേളനം ഉദ്ഘാടനം ചെയ്ത് സംസാരിക്കുകയായിരുന്നു മന്ത്രി. വായ്പ എടുക്കുന്നതിനും നിക്ഷേപിക്കുന്നതിനും മാത്രം ആശ്രയിക്കാൻ കഴിയുന്നതാണ് സഹകരണ മേഖല എന്നതാണ് പൊതുവേയുള്ള ധാരണ. എന്നാൽ ഇത് സഹകരണ മേഖലയുടെ ചുരുങ്ങിയ പ്രവർത്തനം മാത്രമാണ്. 1615 സംഘങ്ങൾ മാത്രമാണ് ഈ മേഖലയിൽ പ്രവർത്തിക്കുന്നത്. ഇവ കൂടാതെ 29,200 സംഘങ്ങൾ സംസ്ഥാനത്തുണ്ട്. ഇവയിൽ തന്നെ കൂടുതൽ സംഘങ്ങളും ഉത്പാദന മേഖലയിലെ വൈവിധ്യമാർന്ന പ്രവർത്തനങ്ങളാണ് നടപ്പാക്കുന്നത്. മൂന്നു കോടി ജനങ്ങൾ സഹകരണ സംഘങ്ങളിൽ അംഗങ്ങളാണെന്നും മന്ത്രി പറഞ്ഞു.സഹകരണ മേഖലയുടെ അനന്തസാധ്യതകൾ പ്രയോജനപ്പെടുത്തി ജന ജീവിതത്തിന്റെ എല്ലാ മേഖലകളിലേക്കും ഇറങ്ങിച്ചെല്ലാൻ സഹകരണ മേഖലയ്ക്ക് സാധിച്ചിട്ടുണ്ട്. കേരളത്തിലെ ഏറ്റവും കൂടുതൽ ജനകീയ അടിത്തറയുള്ള പ്രസ്ഥാനമാണ് സഹകരണ മേഖല. ഉൽപാദന മേഖലയിലും സംഭരണ, സംസ്കരണ, വിപണ രംഗത്തും വളരെ വിപുലമായ രീതിയിൽ ഇടപെട്ടുകൊണ്ട് തന്നെ സഹകരണ മേഖല മുന്നോട്ട് പോകുന്നു. ആഭ്യന്തര അന്താരാഷ്ട്ര മാർക്കറ്റുൾ കീഴടക്കാൻ വിധത്തിലുള്ള ഉത്പന്നങ്ങൾ സഹകരണ മേഖലയിൽ നിന്ന് ഉത്പാദിപ്പിക്കപ്പെടുന്നുണ്ട്. വൈവിധ്യമാർന്ന ആശയം ഉൾക്കൊള്ളിച്ച സ്റ്റാളുകൾ കൊണ്ട് സമ്പന്നമായിരുന്നു എക്സ്പോ. ആധുനിക ചികിത്സാരംഗത്ത് മറ്റ് ആശുപത്രികളോട് കിടപിടിക്കപ്പെട്ടു വിധത്തിലുള്ള നൂതന സാങ്കേതികവിദ്യയും വിവിധ ചികിത്സാരീതിയും സഹകരണ ആശുപത്രികളിൽ നിന്ന് ലഭ്യമാകുന്നുണ്ട്. മറ്റ് ന്യൂജനറേഷൻ ബാങ്കുകളോട് പൊരുതി നിൽക്കുന്ന വിധത്തിൽ കേരള ബാങ്കിന്റെ വളർച്ച. ഇതുപോലെ വിദ്യാഭ്യാസ രംഗത്ത്, മറ്റ് മേഖലകളിൽ ഉൾപ്പെടെ സഹകരണ മേഖലയുടെ ഉയർച്ച വിളിച്ചറിയിക്കുന്ന പ്രവർത്തനങ്ങൾ സ്റ്റാളുകളിൽ ഉണ്ടായിരുന്നുവെന്നും മന്ത്രി പറഞ്ഞു.സാധാരണ പ്രദർശന വിപണന പരിപാടികളിൽ നിന്നും വ്യത്യസ്തമായി സഹകരണം എക്സ്പോയിലൂടെ പ്രസാധനം, സിമ്പോസിയം, സെമിനാറുകൾ തുടങ്ങിയ വ്യത്യസ്തങ്ങളായ പരിപാടികളാണ് അവതരിപ്പിച്ചത്. ജനങ്ങളുടെ കണ്ണിനും കാതിനും ഇമ്പമേകി 9 ദിവസം കൊണ്ട് സഹകരണ മേഖലയുടെ വളർച്ച വിളിച്ചറിയിക്കുന്നതിനോടൊപ്പം ജനങ്ങളെ പുതിയ കാഴ്ചപ്പാടിലേക്ക് കൊണ്ടുവരാനും സഹകരണ എക്സ്പോയ്ക്ക് സാധിച്ചെന്നും മന്ത്രി പറഞ്ഞു. സഹകരണ എക്സ്പോയോട് അനുബന്ധിച്ച് നടത്തിയ വിവിധ പരിപാടികളും പ്രവർത്തനങ്ങളും ഉൾക്കൊള്ളിച്ച് തയ്യാറാക്കിയ 'സഹകരണ എക്സ്പോ 2023 സെമിനാർ പ്രബന്ധ സമാഹരണം' എന്ന പുസ്തകത്തിന്റെ പ്രകാശനവും മേയർ അഡ്വ എം അനിൽകുമാറിന് കൈമാറി മന്ത്രി നിർവഹിച്ചു. സഹകരണ വകുപ്പ് സംഘടിപ്പിക്കുന്ന സഹകരണ സദസ്സിന്റെ ഡോക്യുമെന്റിന്റെയും മാർഗ്ഗരേഖയുടെയും പ്രകാശനം കേരള ബാങ്ക് ജനറൽ മാനേജർ ഡോ. അനിൽ കുമാറിന് നൽകി മന്ത്രി നിർവഹിച്ചു. മികച്ച സ്റ്റാളുകൾക്കുള്ള പുരസ്ക്കാരങ്ങൾ, മികച്ച റിപ്പോർട്ടിംഗിനുള്ള മാധ്യമ അവാർഡുകൾ, സേവന ദാതാക്കൾക്കുള്ള പുരസ്കാരം എന്നിവയും മന്ത്രി വിതരണം ചെയ്തു.മറൈൻ ഡ്രൈവ് ഗ്രൗണ്ടിൽ വ നടന്ന സമാപന സമ്മേളനത്തിൽ മേയർ അഡ്വ. എം അനിൽ കുമാർ അധ്യക്ഷത വഹിച്ചു. സഹകരണ സംഘം അഡീഷണൽ രജിസ്ട്രാർ ആർ ജ്യോതി പ്രസാദ് റിപ്പോർട്ട് അവതരിപ്പിച്ചു. കെ എൻ ഉണ്ണികൃഷ്ണൻ എംഎൽഎ, സഹകരണ വകുപ്പ് സെക്രട്ടറി മിനി ആന്റണി, സഹകരണ സംഘം രജിസ്ട്രാർ ടി വി സുഭാഷ്, സഹകരണ ഓഡിറ്റ് ഡയറക്ടർ എം എസ് ഷെറിൻ, മാർക്കറ്റ് ഫെഡ് ചെയർമാൻ സോണി സെബാസ്റ്റ്യൻ, കേരള ലാൻഡ് റിഫോംസ് ആൻഡ് ഡെവലപ്മെന്റ് കോ ഓപ്പറേറ്റീവ് സൊസൈറ്റി (ലാഡർ) ചെയർമാൻ സി എൻ വിജയകൃഷ്ണൻ തുടങ്ങിയവർ പങ്കെടുത്തു.

# ഓൺലൈൻ ബിബിഎ കോഴ്സുമായി ഐ എസ് എസ് ഡി




**കൊച്ചി:** ഹെൽത്ത്കെയർ മാനേജ്മെന്റ് രംഗത്തെ നൂതനതൊഴിൽസാധ്യതകൾ പ്രയോജനപ്പെടുത്താൻ വിദ്യാർത്ഥികളെ പ്രാപ്തരാക്കുന്ന ഓൺലൈൻ ബി ബി എ കോഴ്സ് അവതരിപ്പിച്ച് ഐ എസ് എസ് ഡി. യുജിസി അംഗീകാരമുള്ള യൂണിവേഴ്സിറ്റിയുമായി കൈകോർത്താണ് ഐ എസ് എസ് ഡി പുതിയ കോഴ്സ് അവതരിപ്പിച്ചത്. കൊച്ചി ആസ്ഥാനമായി പ്രവർത്തിക്കുന്ന ഐ എസ് എസ് ഡി. ഇന്ത്യയിലും വിദേശത്തുമുള്ള നവീന തൊഴിൽമേഖലകളെ തിരിച്ചറിഞ്ഞ് അവിടെ ജോലി നേടാൻ വിദ്യാർത്ഥികൾക്ക് ഉയർന്ന നിലവാരമുള്ള പരിശീലനം നൽകുന്നു എന്നതാണ് ഐ എസ് എസ് ഡിയുടെ പ്രത്യേകത. ഹോസ്പിറ്റൽ അഡ്മിനിസ്ട്രേഷൻ, വെയർഹൗസ് ആൻഡ് പ്രോകയുർമെൻറ് മാനേജ്മെന്റ് തുടങ്ങിയ കോഴ്സുകളിലൂടെ ഇതിനോടകം ആയിരക്കണക്കിന് വിദ്യാർത്ഥികളെ ഉന്നതമായ തൊഴിൽമേഖലകളിലെത്തിക്കാൻ ഐ എസ് എസ് ഡിയ്ക്കായിട്ടുണ്ട്. പ്രതിമാസം 150ലധികം പ്ലേസ്മെന്റ്സ് നേടിക്കൊടുക്കുന്ന ശക്തമായ പ്ലേസ്മെന്റ് സെല്ലാണ് ഐ എസ് എസ് ഡിയെ വ്യത്യസ്തമാക്കുന്നത്.ഓൺലൈൻ ബി ബി എ കോഴ്സ് സംബന്ധിച്ച പ്രഖ്യാപനം കൊച്ചിയിൽ നടന്നു. കൊച്ചി മേയർ എം. അനിൽ കുമാർ ഉദ്ഘാടനം നിർവഹിച്ചു. ജോസ്. കെ. മാണി എം.പി ബ്രോഷർ പ്രകാശനം നിർവഹിച്ചു. ഐ എസ് എസ് ഡിയെയും കോഴ്സിനെയും കുറിച്ച് ഐ എസ് എസ് ഡി സ്ഥാപകൻ എം. വി തോമസ്, യു എസ് ഡി സി ഗ്ലോബൽ സഹസ്ഥാപകൻ ഡോ. ടോം ജോസഫ് എന്നിവർ സംസാരിച്ചു. ഹൈബി ഈഡൻ എം.പി, മുൻ കേന്ദ്ര മന്ത്രി പ്രൊഫ. കെ വി തോമസ്, കെ. എൻ ഉണ്ണികൃഷ്ണൻ എംഎൽഎ, സംസ്കൃത സർവകലാശാല മുൻ വൈസ് ചാൻസിലർ ഡോ. കെ.എസ് രാധാകൃഷ്ണൻ, ഐ എസ് എസ് ഡി ബ്രാൻഡ് അംബാസിഡറും ചലച്ചിത്രതാരവുമായ ശ്ആശാ ശരത്, യു എസ് ഡി സി ഗ്ലോബൽ സീനിയർ വൈസ് പ്രസിഡന്റ് വിവേക് ചന്ദ്രമോഹൻ, ചാനൽ ബിസിനസ് ഹെഡ് ഷാജൻ സാമുവൽ, കളമശ്ശേരി കൗൺസിലർ റഫീഖ് മരക്കാർ തുടങ്ങിയവർ സംസാരിച്ചു. തുടർന്ന് തൊഴിലധിഷ്ഠിത വിദ്യാഭ്യാസരംഗത്ത് മുപ്പത് വർഷത്തിലേറെയായി നൽകുന്ന സംഭാവനകൾ പരിഗണിച്ച് ഐ എസ് എസ് ഡി സ്ഥാപകൻ എം.വി തോമസിനെ രൺജി പണിക്കർ ആദരിച്ചു.ഐ എസ് എസ് ഡി സഹസ്ഥാപക ഷൈനി തോമസ് സ്വാഗതവും അക്കാദമിക്സ് വിഭാഗം മാനേജർ അബിത ഹെമിങ്ടൺ നന്ദിയും പറഞ്ഞു.




RNI No:KERMAL/2018/76135 Society Today Magazine-Special Issue-Private circulation, Kochi-26, 0484-35122883501, Kerala.E-mail-societytodaynews@gmail.com